**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4461** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ടിൽനിന്നും തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണസംഘം തകർച്ചയിലായതിനെ തുടർന്ന് ഏതെങ്കിലും നിക്ഷേപകന് സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ടിൽ നിന്നും തന്റെ നിക്ഷേപ തുക തിരികെ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാരിന്റെ 22.09.2018 ലെ G.O(P) No.116/2018/Co-op നമ്പർ ഉത്തരവ് പ്രകാരമാണ് നിക്ഷേപ ഗ്യാരന്റി സ്കീം 2018 നിലവിൽ വന്നത്. ടി ഉത്തരവ് പ്രകാരം ഏതെങ്കിലും കാരണവശാൽ ലിക്വിഡേറ്റ് ചെയ്യപ്പെടുകയോ, അടച്ചുപൂട്ടുകയോ ചെയ്യുന്നതും ബോർഡിൽ അംഗത്വം ഉള്ളതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് നിക്ഷേപം തിരിച്ചുനൽകുന്നതിന് മാത്രമേ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവൂ എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. 09.08.2024 ലെ G.O(P) No.155/2024/Co-Op. നമ്പർ ഉത്തരവ് പ്രകാരം സമാപ്തീകരണ നടപടിയിലുള്ള സഹകരണ സംഘങ്ങൾ/നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള, നിക്ഷേപം തിരിച്ചുനൽകാൻ സാധിക്കാത്ത ഗ്യാരന്റീഡ് സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരിച്ചുനൽകുന്നതിനായി ഗ്യാരന്റീഡ് സംഘത്തിന് വായ്പ/ധനസഹായം നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റീ സ്കീം, ഭേദഗതി ചെയ്ത് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങൾ തകർച്ചയിലാകുന്ന സാഹചര്യത്തിൽ സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ടിൽ നിന്നും നിക്ഷേപങ്ങളുടെ ഗ്യാരണ്ടി ഇനത്തിൽ തുക ലഭിക്കുവാനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വിശദമാക്കുമോ; | (ബി) | സമാപ്തീകരണ നടപടിയിലുള്ള സഹകരണ സംഘങ്ങൾ/നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള, നിക്ഷേപം തിരിച്ചു നൽകാൻ സാധിക്കാത്ത ഗ്യാരന്റീഡ് സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരിച്ചു നൽകുന്നതിനായി ഗ്യാരന്റീഡ് സംഘത്തിന് വായ്പ/ ധനസഹായം നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റീ (ഭേദഗതി) സ്കീം, 2024 പദ്ധതി അംഗീകരിച്ച് 09.08.2024 ലെ G.O(P) No.155/2024/Co-Op. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള 20.01.2025 ലെ സ.ഉ(അച്ചടി) നം.7/2025/Co-Op നമ്പർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം ഗ്യാരന്റീഡ് സംഘത്തിലെ ഓരോ നിക്ഷേപകനും ബാക്കിനിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി 5 (അഞ്ച്) ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് ടി സംഘങ്ങൾക്ക് വായ്പ/ധനസഹായം നൽകുന്നതായിരിക്കും. |
| (സി) | പ്രസ്തുത ഫണ്ടിന്റെ മാനേജ്മെന്റ് നിലവിൽ എപ്രകാരമാണ് നടക്കുന്നത്; പ്രസ്തുത ഫണ്ടിൽ നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; വിശദാംശം നൽകുമോ; | (സി) | സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ളതും ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സംഘങ്ങളും നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ മുഖാന്തിരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയുള്ള സംഘങ്ങളെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) ലും ഒന്നിൽ കൂടുതൽ ജില്ലകൾ പ്രവർത്തന പരിധിയുള്ള സംഘങ്ങളെ സഹകരണസംഘം രജിസ്ട്രാറും നോട്ടിഫൈ ചെയ്ത് ഉത്തരവിറക്കുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അംഗത്വം ലഭിക്കുന്ന സംഘങ്ങൾ മൊത്ത നിക്ഷേപത്തിന് 100 രൂപയ്ക്ക് 10 പൈസ നിരക്കിൽ ഗ്യാരന്റി വിഹിതം അടച്ച് അംഗത്വം എടുക്കുകയും തുടർന്ന് എല്ലാ വർഷവും നിക്ഷേപ വർദ്ധനവിന് 100 രൂപയ്ക്ക് 10 പൈസ നിരക്കിൽ അംഗത്വം പുതുക്കേണ്ടതുമാണ്. ഇത്തരത്തിൽ അംഗ സംഘങ്ങൾ അടയ്ക്കുന്ന വിഹിതം കേരളാ ബാങ്കിൽ നിക്ഷേപ ഗ്യാരന്റി ബോർഡ് സെക്രട്ടറിയുടേയും വൈസ് ചെയർമാന്റേയും പേരിൽ സ്ഥിരനിക്ഷേപമായി നിക്ഷേപിച്ചുവരുന്നു. 2024 ഡിസംബർ 31 വരെ ബോർഡിൽ 265,66,68,317.26 രൂപ നീക്കിയിരുപ്പുണ്ട്. |
| (ഡി) | ഒരു സഹകരണസംഘം നിക്ഷേപം തിരികെ കൊടുക്കുവാൻ സാധിക്കാത്ത വിധത്തിൽ പ്രതിസന്ധിയിലായാൽ പ്രസ്തുത സംഘത്തിന്റെ ലിക്വിഡേഷൻ വരെ വൈകിപ്പിക്കാതെ എത്രയും വേഗം നിക്ഷേപകർക്ക് പ്രസ്തുത ഫണ്ടിൽ നിന്നും തുക നൽകുന്നതിന് സാധിക്കുന്ന രീതിയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സമാപ്തീകരണ നടപടിയിലുള്ള സഹകരണ സംഘങ്ങൾ/ നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള, നിക്ഷേപം തിരിച്ചുനൽകാൻ സാധിക്കാത്ത ഗ്യാരന്റീഡ് സഹകരണസംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരിച്ചുനൽകുന്നതിനായി ഗ്യാരന്റീഡ് സംഘത്തിന് വായ്പ/ധനസഹായം നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റീ (ഭേദഗതി) സ്കീം, 2024 പദ്ധതി 09.08.2024 ലെ G.O.(P) No.155/2024/Co-Op. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്കീം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള 20.01.2025 ലെ സ.ഉ(അച്ചടി) നം. 7/2025/Co-Op നമ്പർ ഉത്തരവ് പ്രകാരം ഗ്യാരന്റീഡ് സംഘത്തിലെ ഓരോ നിക്ഷേപകനും ബാക്കിനിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി 5 (അഞ്ച്) ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് ടി സംഘങ്ങൾക്ക് വായ്പ/ ധനസഹായം നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ